പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.281

22.06.2012 ൽ മറുപടിയ്ക്ക്

# സംസ്ഥാന ഗ്രാമീണ ഉപജീവന മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>,, പി. സി. ജോർജ്<br>,, റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ. സംസ്ഥാന ഗ്രാമീണ ഉപജീവന മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | എ) സംസ്ഥാന ഗ്രാമീണ ഉപജീവന മിഷന്റെ പ്രധാന പ്രവർത്തന മണ്ഡലങ്ങൾ ചുവടെ ചേർക്കുന്നു.<br>1. **സാമൂഹ്യ പങ്കാളിത്തം-** സമൂഹത്തിലെ നിരാലംബരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങളെ കൂടി കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തി സമൂഹത്തിന്റെ മുഖ്യ ധാരയിൽ എത്തിക്കുക.<br>2. **മിതവ്യയ സാമ്പത്തിക പങ്കാളിത്തം-** അയൽക്കൂട്ട ഗ്രൂപ്പുകളുടെ സാമ്പത്തിക അച്ചടക്കം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, മുഖ്യധാരാ ബാങ്കിംഗ് സംവിധാനത്തിൽ നിന്നും അയൽക്കൂട്ടങ്ങൾക്ക് പരമാവധി വായ്പാ സംവിധാനം ഉറപ്പുവരുത്തുക, പരിശീലനങ്ങൾ തുടങ്ങിയവ.<br>3. **ഉപജീവന ഉപാധികൾ-** കൃഷി, കൃഷി അനുബന്ധ ഉത്പാദന, സേവന മേഖലകളിൽ സ്വയം തൊഴിൽ ഉപജീവന മാർഗ്ഗങ്ങൾ കൂടുതൽ വിപുലമാക്കുക. സ്വയം തൊഴിൽ സംരംഭങ്ങളുടെ വിജയ സാധ്യത വർദ്ധിപ്പിക്കുക. |